**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3971 — 20.07.2015-ൽ മറുപടിയ്ക്ക്

## റോഡ് ശൃംഖലയുടെ ഗുണമേന്മ ഉറപ്പുവരുത്താൻ നടപടി

### ചോദ്യം

**ശ്രീ. ആർ.സെൽവരാജ്**
**,, ഹൈബി ഈഡൻ**
**,, എ.റ്റി.ജോർജ്**
**,, എം.പി.വിൻസെന്റ്**

(എ) റോഡ് ശൃംഖലയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് വിശദമാക്കാമോ ;

(ബി) ഇതിനായി പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കുന്ന കാര്യം ആലോചിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എത്ര കിലോമീറ്റർ റോഡാണ് ഈ ശൃംഖലയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

### മറുപടി

**ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**
(പൊതുമരാമത്ത് വകുപ്പുമന്ത്രി)

(എ), (ബി),(സി) & (ഡി):
സംസ്ഥാനത്തെ റോഡ് ശൃംഖലയുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി പുതുതായി ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾക്ക് പരമാവധി ബി.എം. & ബി.സി പ്രതലമാണ് നടപ്പിലാക്കുന്നത്. ഇത്തരത്തിൽ ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾക്ക് നിശ്ചിത കാലയളവിലേയ്ക്കുള്ള ഗ്യാരണ്ടിയും നിഷ്കർഷിച്ചിട്ടുണ്ട്. കേരളത്തിലെ റോഡുകളുടെ വികസനത്തിന് മുന്തിയ പരിഗണന നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ലോകബാങ്ക് ധനസഹായത്തോടെ കെ.എസ്.ടി.പി. പദ്ധതി നിലവിൽ വന്നത്. കെ.എസ്.ടി.പി.-ഒന്ന് പദ്ധതിയിൽപ്പെടുത്തി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 254 കി.മീ. റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കുകയും, 1200 കി.മീ.റോഡുകൾ ഹെവിമെയിന്റനൻസ് ചെയ്ത് വികസനം പൂർത്തിയാക്കുകയും ചെയ്തു. ഇതിനെ തുടർന്ന് കെ.എസ്.ടി.പി.-രണ്ട് പദ്ധതിയിൽപ്പെടുത്തി ലോകബാങ്ക് ധനസഹായത്തോടെ കേരളത്തിലെ തെരഞ്ഞെടുത്ത 363 കി.മീ.ദൈർഘ്യമുള്ള 6 പ്രധാന റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കുന്ന പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.

ദേശീയപാതകളായ എൻ.എച്ച്.47 ഉം, എൻ.എച്ച്.-17 ഉം ബി.ഒ.റ്റി. വ്യവസ്ഥയിൽ സർവ്വീസ് റോഡുകളോടുകൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുവാൻ കേന്ദ്ര സർക്കാർ തീരുമാനം എടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ പൂർണ്ണ സഹകരണം നൽകി പദ്ധതി സാക്ഷാത്ക്കരിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മറ്റ് 5 ദേശീയപാതകളായ എൻ.എച്ച്.-49, എൻ.എച്ച്.-208, എൻ.എച്ച്.-212, എൻ.എച്ച്.-213, എൻ.എച്ച്.-220 എന്നിവ പേവ്ഡ് ഷോൾഡറോടുകൂടിയ 2 വരിപ്പാതയായി ഘട്ടംഘട്ടമായി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

**സെക്ഷൻ ഓഫീസർ**